കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സോയിൽ ഹെൽത്ത് കാർഡ്, കൃഷി വകുപ്പും മണ്ണ് സംരക്ഷണ-മണ്ണ് പര്യവേക്ഷണ വകുപ്പും ചേർന്ന് നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിന്റെ ലക്ഷ്യമായ 20,000 മണ്ണ് സാമ്പിളുകൾ ശേഖരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർ/ആത്മ പ്രോജക്ട് ഡയറക്ടർമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. ശേഖരിക്കുന്ന മണ്ണ് സാമ്പിളുകൾ കൃഷി വകുപ്പിന്റെ മണ്ണ് പരിശോധനാ ലാബുകൾ, കാർഷിക സർവ്വകലാശാല/കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ CTCRI/CPCRI എന്നിവ വഴി പരിശോധിക്കുന്നതിനും മണ്ണ് പരിപോഷണ കാർഡുകൾ കർഷകർക്ക് നൽകുന്നതിനുമുള്ള സജ്ജീകരണങ്ങളും നടത്തിയിട്ടുണ്ട്.

സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ നിയമനങ്ങൾ

229 (1703) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെയർ ഹൗസിങ് കോർപ്പറേഷൻ ക്ലാസ്-ഫോർ ഗ്രേഡ്-2 തസ്തികയിലേക്ക് നിയമനം നടത്താൻ കോർപ്പറേഷൻ പരീക്ഷയും ഇന്റർവ്യൂവും നടത്തിയിരുന്നുവോ;

(ബി) പരീക്ഷയും ഇന്റർവ്യൂവും കോർപ്പറേഷന്റെ നേരിട്ടുള്ള മേൽനോട്ടത്തിലായിരുന്നോ നടത്തിയതെന്ന് അറിയിക്കുമോ;

(സി) പരീക്ഷയ്ക്കും ഇന്റർവ്യൂവിനും മാർക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്തായിരുന്നു; ഇത് പി.എസ്.സി.-യിൽ അനുവർത്തിച്ചുവരുന്ന മാനദണ്ഡം തന്നെയായിരുന്നോ; ഇല്ലെങ്കിൽ മാറ്റം വരുത്താൻ കാരണമെന്താണ്;

(ഡി) ഈ നിയമനങ്ങളിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) പരീക്ഷ നടത്തുവാൻ കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇന്റർവ്യൂ കോർപ്പറേഷൻ നേരിട്ടാണ് നടത്തിയത്.

(സി) വെയർഹൗസിംഗ് കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയല്ല നടത്തുന്നത്. കോർപ്പറേഷന്റെ സ്റ്റാഫ് റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചാണ് നിയമനങ്ങൾ നടത്തുന്നത്. അതനുസരിച്ച് കോർപ്പറേഷൻ ഭരണ സമിതിയാണ് മാർക്ക് സംബന്ധിച്ച മാനദണ്ഡം നിശ്ചയിച്ചത്.

(ഡി) നിയമനങ്ങളിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly